ശ്രീ. എ. ജെ. ജാൺ : കിട്ടിയിട്ടുണ്ട്. അതു് റിപ്പോർട്ടിനായി കൺസർവേറ്റർക്കു് അയച്ചിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ചോദ്യം (ഡി)-ൽ പറയുന്ന പരാതിക്കു് കാരണക്കാരനായ ഉദ്യോഗസ്ഥൻ ഏതു ഡിപ്പാർട്ടുമെൻറിൽ ഉള്ള ആളാണു്?

ശ്രീ. എ. ജെ. ജാൺ : ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലുള്ള ആളാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലുള്ള ഒരു ഉദ്യോഗസ്ഥനെപ്പറ്റി, അദ്ദേഹത്തിൻറെ മേൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതു് അതേ ഡിപ്പാർട്ടുമെൻറു് തന്നെയാണോ?

(ഉത്തരമില്ല.)

പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനം.

* 67. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണെന്നു് ഈ സർക്കാരിനു് കരുതുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് സർക്കാരിനു് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(സി) പഞ്ചായത്തു് ആഫീസർമാരുടെ നിയമനം പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നുള്ള വസ്തുതയെ പരിഗണിച്ചു് ഈ നിയമനം നിറുത്തിവയ്ക്കുവാനുള്ള നടപടികൾ സർക്കാരിനു് സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതു് ആവശ്യമാണെന്നു് കരുതുന്നുണ്ടെന്നു മാത്രമല്ല അത്തരത്തിലുള്ള പ്രവർത്തനം സുകരമാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയുമാണു്.

(ബി) പഞ്ചായത്തുകളുടെ അധികാരങ്ങൾ പൂർവ്വാധികം വർദ്ധിപ്പിച്ചുകൊണ്ടു് ഉത്തരവുകൾ പാസാക്കിക്കഴിഞ്ഞിട്ടുണ്ടു്. അതുപോലെ അവയുടെ ആദായവർദ്ധനയ്ക്കു് പ്രയോജനകരമാകുന്ന വിധത്തിൽ മാർക്കറ്റുകളുടേയും സിനിമാകളുടേയും നിയന്ത്രണങ്ങൾ, അവയിൽ നിന്നുമുള്ള വരവു് എന്നിവയും പഞ്ചായത്തിനു വിട്ടുകൊടുത്തിട്ടുണ്ടു്. ഓരോ പഞ്ചായത്തിലും ഓരോ പഞ്ചായത്താഫീസറന്മാരെ നിയമിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ടു്.

(സി) പഞ്ചായത്താഫീസറന്മാരുടെ നിയമനം പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നു് സർക്കാരിനു കരുതുന്നില്ല. പ്രത്യുത ഈ നിയമനം പഞ്ചായത്തുകളുടെ സ്വതന്ത്രവും, ഫലപ്രദവും, ജനായത്തപരവുമായ പ്രവർത്തനങ്ങളെ പരിപുഷ്ടിപ്പിക്കുമെന്ന അഭിപ്രായമാണു് ഭൂരിപക്ഷം പഞ്ചായത്തുകൾക്കും ഉള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : പഞ്ചായത്തു ആഫീസന്മാരുടെ നിയമനം നടത്തുന്നതിനു പഞ്ചായത്തുകൾക്കു അവകാശം ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ ഗവണ്മെൻറിൽനിന്നാണു് നിയമനം നടത്തുന്നതു്.

ശ്രീ. വി. ശ്രീധരൻ : പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവും ആയ പ്രവർത്തനം നടക്കണമെങ്കിൽ എന്തുകൊണ്ടാണു് പഞ്ചായത്തു ആഫീസന്മാരുടെ നിയമനം നടത്താനുള്ള അധികാരം പഞ്ചായത്തിനു നൽകാത്തതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പല അധികാരങ്ങളും പഞ്ചായത്തുകൾക്കു കൊടുത്തിട്ടുണ്ടു്. പക്ഷേ ഈ കാര്യത്തിൽ ഗവണ്മെൻറ് നേരിട്ടു് നിയമിക്കുന്നതായിരിക്കും നല്ലതു എന്നു ഗവണ്മെൻറ് കരുതുന്നുണ്ടു്.

ശ്രീ. വി. ശ്രീധരൻ : അങ്ങനെ ഒരു തീരുമാനം എടുക്കാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ച സംഗതി എന്താണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ സംസ്ഥാനത്തു 550 പഞ്ചായത്തുകൾ ഉണ്ടു്. അവയിൽ 550 ആഫീസന്മാരെ നിയമിക്കണം. അതൊക്കെ സമുദായ പ്രാതിനിധ്യം മുതലായ കാര്യങ്ങൾ നോക്കി ചെയ്യേണ്ടതുള്ളതുകൊണ്ടു് പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖാന്തരം നടത്തുകയാണു് ചെയ്യുന്നതു്.

ശ്രീ. വി. ശ്രീധരൻ : ഈ പഞ്ചായത്തു ആഫീസന്മാരുടെ ശമ്പളം നൽകേണ്ടതു ആരാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്തുകൾ ആണു്. അതിനു ഗവണ്മെൻറിൽ നിന്നും ഏസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. കെ. എ. ബാലൻ : ഏതു ആഫീസന്മാരെ ഇതിനകം നിയമിച്ചു കഴിഞ്ഞിട്ടുണ്ടു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ ഏതാണ്ടു് 200 പേരെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എ. ബാലൻ : ബാക്കിയുള്ളവരെ നിയമിക്കുന്നതിനുള്ള താമസം എന്താണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ബാക്കിയുള്ളവരെ പബ്ലിക്ക് സർവീസ് കമ്മീഷൻ ഇൻറർവ്യൂ നടത്തി നിയമനം നടത്തികൊണ്ടിരിക്കുകയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പഞ്ചായത്തുകൾക്കാണോ പഞ്ചായത്തു ആഫീസന്മാർക്കാണോ അധികാരം കൊടുത്തിട്ടുള്ളതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്തുകൾക്കാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പഞ്ചായത്തുകളിൽ ഭൂരിപക്ഷപ്രകാരം പാസാകുന്ന അഭിപ്രായം നടപ്പിൽ വരുത്തുവാൻ ആഫീസന്മാർ ബാദ്ധ്യസ്ഥരല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ബാദ്ധ്യസ്ഥരാണ്; പക്ഷെ ചിലപ്പോൾ ചില കാര്യങ്ങളിൽ ഗവണ്മെൻറിന്റെ അനുവാദം ആവശ്യമാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഭൂരിപക്ഷപ്രകാരം തീരുമാനം എടുത്താൽ അതു ലംഘിക്കാനുള്ള അധികാരം ആഫീസറന്മാർക്കു കൊടുത്തിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എൻ. ജി. ചാക്കോ : ഭൂരിപക്ഷം പഞ്ചായത്തുകളും ഈ ആഫീസറന്മാരുടെ നിയമനത്തെ സ്വാഗതം ചെയ്യുന്നില്ലേ ?

ഉത്തരം ഇല്ല.

പഞ്ചായത്ത് ഡയറക്ടരുടെ നിർദ്ദേശം.

* 68. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉള്ളി, മല്ലി, മുളക് തുടങ്ങിയ നിത്യോപയോഗസാധനങ്ങൾ വില്പന നടത്തുന്ന കച്ചവടക്കാരുടെമേൽ ഈ സാധനങ്ങൾ വില്പന നടത്തുന്നതിന് പ്രത്യേകം ലൈസൻസുഫീസ് ചുമത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതോടുകൂടി ബഹുജനങ്ങളുടെ സാമ്പത്തികഭാരിതം വർദ്ധിക്കുവാനിടയുണ്ടെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ, പഞ്ചായത്ത് ഡയറക്ടരുടെ പ്രസ്തുത നിർദ്ദേശം റദ്ദുചെയ്യുവാൻ ഗവണ്മെൻറ് നടപടികൾ സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉള്ളി, മല്ലി മുതലായ നിത്യോപയോഗസാധനങ്ങൾ വിൽപ്പന നടത്തുന്ന കച്ചവടക്കാരുടെ മേൽ ഈ സാധനങ്ങൾ വിൽപ്പന നടത്തുന്നതിനു പ്രത്യേകം ലൈസൻസ് ഫീസ് ചുമത്തണമെന്നു ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടില്ല. മുളക് സംഭരിക്കുന്നതിനും മറ്റും ലൈസൻസ് എടുക്കേണ്ടതാണ്.

(ബി), (സി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബി-യും സി-യും ഉദിക്കുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പഞ്ചായത്തുകളുടെ ബൈലായിൽ ഭേദഗതി വരുത്തുന്നതിനുവേണ്ടി 100 സാധനങ്ങളുടെ ലിസ്റ്റ് പഞ്ചായത്തുകൾക്കു അയച്ചിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ. ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിൽ ഈ പറഞ്ഞ സാധനങ്ങൾ ഉൾപ്പെട്ടുന്നില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിൽ മുളക് ഉൾപ്പെട്ടുന്നുണ്ട്. മൊത്തക്കച്ചവടമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly